# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ : * 91** 02.03.2017 ൽ മറുപടിയ്ക്ക്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

**ചോദ്യം**

**ശ്രീ.അനിൽ അക്കര**
**ശ്രീ.റോജി.എം.ജോൺ**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ. വി.ഡി.സതീശൻ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമക്കമോ ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 14 വില്ലേജുകളിലായി 58,398 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിരുന്നു. എന്നാൽ അനുവദിച്ച ഭൂമി ചട്ടപ്രകാരം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിഞ്ഞിരുന്നില്ല. കൈമാറിക്കഴിഞ്ഞ പ്ലോട്ടുകളെ സംബന്ധിച്ച് വീട് വയ്ക്കാൻ അനുയോജ്യമല്ലായെന്നും വഴിസൗകര്യം ലഭ്യമല്ലായെന്നും തരത്തിലുള്ള ആക്ഷേപങ്ങൾ വ്യാപകമായി ഉണ്ടാകുകയും ചെയ്തിരുന്നു. അതിനാൽ ആക്ഷേപങ്ങളിൽ അന്വേഷണം നടത്തി തികച്ചും അനുയോജ്യമല്ലാത്ത ഭൂമികൾ വിതരണം ചെയ്ത കേസുകളിൽ അവ മാറ്റി നൽകാനുള്ള നടപടികൾ സ്വീകരിക്കാനാണ് ശ്രമിച്ചു വരുന്നത്. കൂടാതെ വിതരണം ചെയ്യാൻ അവശേഷിക്കുന്ന പ്ലോട്ടുകൾ ചട്ടപ്രകാരം കൈമാറുന്ന നടപടികളും നടന്നു വരുന്നു. |
| (ബി) | മുൻ സർക്കാർ പദ്ധതിക്കു വേണ്ടി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ; | പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു കൊണ്ട് സംസ്ഥാന തലത്തിൽ ഒരു സ്പെഷ്യൽ സെല്ലും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)ന്റെ നേതൃത്വത്തിൽ ജില്ലാതല സ്പെഷ്യൽ സെല്ലുകൾക്കും കഴിഞ്ഞ സർക്കാർ രൂപം നൽകിയിരുന്നു. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഫണ്ടും ബഡ്ജറ്റിൽ വക കൊള്ളിക്കുകയും ചെയ്തിരുന്നു. സർക്കാർ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ഭൂമി വിലക്ക് വാങ്ങുന്നതിനു വേണ്ടിയുള്ള ധനശേഖരണാർത്ഥം ഭൂമിഗീതം എന്ന പേരിൽ പ്രത്യേക സ്റ്റേജ് പ്രോഗ്രാം |

| | | |
|---|---|---|
| | | എറണാകളം, തൃശ്ശൂർ ജില്ലകളിൽ നടത്തുകയും 3.41 കോടി രൂപ സമാഹരിക്കുകയും ചെയ്തു. |
| (സി) | പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരം ഉദ്ദേശം 1.75 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടതായിട്ടുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമായ സർക്കാർ ഭൂമിയുടെ കണക്കെടുപ്പ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും അവശേഷിക്കുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും നൽകാൻ ആവശ്യമായ ഭൂമി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കാനും കഴിയാത്ത സാഹചര്യത്തിൽ മറ്റ് പോംവഴികൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ